ഉത്തരം

(എ) ഏഷ്യൻ ഡവലപ്മെന്റ് ബാങ്കും നെതർലന്റ് സർക്കാരും കേന്ദ്ര ഗവൺമെന്റ് വഴി ലഭ്യമാക്കുന്ന ധനസഹായം ഉപയോഗിച്ചാണ് ഭരണ നവീകരണ പരിപാടികൾ നടപ്പിലാക്കുന്നത്.

(ബി) ഭരണ നവീകരണ പരിപാടിക്ക് വേണ്ടി 93 ഉദ്യമങ്ങളുടെ പശ്ചാത്തല രൂപരേഖ സർക്കാർ അംഗീകരിക്കുകയും പൊതു ചർച്ചകൾക്കായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

പ്രോട്ടോക്കോൾ സംബന്ധമായ ഉത്തരവ്

4 (2100) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ച പ്രോട്ടോക്കോൾ സംബന്ധമായ ഉത്തരവിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) കേരള സർക്കാരിന്റെ പ്രോട്ടോക്കോൾ സംബന്ധമായ എല്ലാ കാര്യങ്ങൾക്കും മാർഗ്ഗ നിർദ്ദേശമായി വർത്തിക്കുന്നത് 'പ്രോട്ടോക്കോൾ മാന്യുവലും' ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുമാണ്. ഈ ഉത്തരവുകളിൽ പ്രധാനപ്പെട്ട ഒന്നാണ് 1996-ൽ പുറപ്പെടുവിച്ച 66398/po.1/95/GAD-ാം നമ്പർ നോട്ടിഫിക്കേഷൻ. ഇതിൽ സംസ്ഥാന ചടങ്ങുകളിൽ പങ്കെടുക്കുന്ന പ്രമുഖ വ്യക്തികളുടെ മുൻഗണനാക്രമം (order of precedence) ആണ് പ്രതിപാദിച്ചിട്ടുള്ളത്. ഈ ഉത്തരവിൽ തന്നെ നോട്ട് 1-ൽ ഇതൊന്നും ഗവൺമെന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ദൈനംദിന ചടങ്ങുകൾക്ക് ബാധകമല്ല എന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകളിൽ എം. എൽ. എ. മാരുടെയും എം. പി. മാരുടെയും സ്ഥാനം വ്യക്തമാക്കിക്കൊണ്ട് മൂന്ന് സർക്കുലറുകളും ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്.

(1) സർക്കുലർ 34612/pol. 1/02/GAD dt. 18-5-2002

(2) സർക്കുലർ 38454/pol. 1/02/GAD dt. 30-5-2002

(3) സർക്കുലർ 51613/pol. 1/02/GAD dt. 23-6-2003

(ബി) താഴെ പറയുന്ന ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(1) സർക്കുലർ 66398/pol. 1/95/GAD dt. 23-1-1996

(2) സർക്കുലർ 34612/pol. 1/02/GAD dt. 18-5-2002

(3) സർക്കുലർ 38454/pol. 1/02/GAD dt. 30-5-2002

(4) സർക്കുലർ 51613/pol. 1/02/GAD dt. 23-6-2003

ജനപ്രതിനിധികളുടെ പരാതികൾക്കും കത്തുകൾക്കും മറുപടി നൽകാൻ നിർദ്ദേശം

5 (2101) ശ്രീ. എ. കെ. ബാലൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എം.എൽ.എ. മാരുടേയും എം.പി. മാരുടേയും മറ്റു ജനപ്രതിനിധികളുടേയും പരാതികൾക്കും കത്തുകൾക്കും യഥാസമയം വകുപ്പുമേധാവികളും മറ്റ് ഉദ്യോഗസ്ഥന്മാരും മറുപടി നൽകുന്നില്ല എന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എം. എൽ. എ. മാരുടെയും എം. പി. മാരുടെയും മറ്റു ജനപ്രതിനിധികളുടെയും കത്തുകൾക്കും ഹർജികൾക്കും നിശ്ചിത സമയത്തിനുള്ളിൽ മറുപടി ലഭ്യമാക്കാൻ ബന്ധപ്പെട്ട വകുപ്പുമേധാവികൾക്ക് കർശന നിർദ്ദേശം നൽകുമോ ;

(ഡി) ഇതു സംബന്ധിച്ച് ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം വിവിധ വകുപ്പുമേധാവികൾക്ക് എന്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ-സി) ജനപ്രതിനിധികളുടെ കത്തുകൾക്കും ഹർജികൾക്കും മറുപടി നൽകുന്നത് സംബന്ധിച്ച സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ചില ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാൽ അത്തരത്തിലുള്ള എല്ലാ കത്തുകൾക്കും ശ്രദ്ധാപൂർവമായ പരിഗണന നൽകണമെന്നും എത്രയും വേഗത്തിലും അനുയോജ്യമായ തലത്തിലും മറുപടി നൽകണമെന്നും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇത് സംബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 7-1-2002-ലെ 17158/ഉപ. സി-3/2001/ഉഭപവ (1) ഉം (2) ഉം സർക്കുലറുകൾ പ്രകാരവും 30-5-2002-ലെ 5913/ഉപദേശ-സി-3/2002/ഉപഭപവ സർക്കുലർ പ്രകാരവും എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പുകൾ അനുബന്ധമായി വയ്ക്കുന്നു.)*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly